(ബി) മുകളിൽപ്പറഞ്ഞ ഓരോ ഗണത്തിലുംപെട്ട ആശുപത്രികളിൽ സൗജന്യ ചികിൽസ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര തുകവരെ മാസവരുമാനമുള്ളവർക്കാണ് പ്രസ്തുത സൗജന്യ ചികിൽസ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ സൗജന്യ ചികിൽസ ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ളവരുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രതിമാസം 1500 രൂപവരെ വരുമാനമുള്ളവർക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിൽസ ലഭ്യമാണ്.

ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡമനുസരിച്ച് മെഡിക്കൽ കോളേജാശുപത്രിയിലെ ബെഡ്ഡുകൾ

130 [5926] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, ഇ. എം. അഗസ്തി:
,, എൻ. ശക്തൻ:
,, കെ. മുഹമ്മദാലി:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡമനുസരിച്ച് ഒരോ മെഡിക്കൽ കോളേജാശുപത്രിയിലും എത്ര ബെഡ്ഡുകളാണ് സജ്ജീകരിക്കേണ്ടത്;

(ബി) ഈ ബെഡ്ഡുകളിൽ എത്ര ശതമാനത്തിൽ രോഗികളുണ്ടായിരിക്കണമെന്നാണ് മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തുള്ള സ്വകാര്യ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ബെഡ്ഡുകളിൽ ഇത്രയും രോഗികളെ കിടത്തി ചികിൽസിക്കുന്നുണ്ടോ എന്നുറപ്പ് വരുത്തുന്നതിന് എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നൂറ് (100) അഡ്മിഷൻ ഉള്ള മെഡിക്കൽ കോളേജുകളിൽ അഞ്ഞൂറ് (500) കിടക്കകളും നൂറ്റമ്പത് (150) അഡ്മിഷനുള്ള മെഡിക്കൽ കോളേജിൽ എഴുന്നൂറ്റമ്പത് (750) കിടക്കകളും ഇരുന്നൂറ് (200) അഡ്മിഷനുള്ള മെഡിക്കൽ കോളേജിൽ ആയിരം (1000) കിടക്കകളും സജ്ജീകരിക്കേണ്ടതാണ്.

(ബി) 80% ബെഡ്ഡുകളിൽ രോഗികൾ ഉണ്ടായിരിക്കണമെന്നാണ് മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമിക്കുന്ന പരിശോധകർ ഓരോ മെഡിക്കൽ കോളേജുകളും പരിശോധിച്ച് ഇക്കാര്യം ഉറപ്പു വരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതിനുള്ള തീരുമാനം എടുക്കുകയും ചെയ്യുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച്, പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ

131 [5928] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് കെ. എച്ച്. ആർ. ഡബ്ല്യു. എസ്., ധന്വന്തരി സെന്റർ, ടൂറിസം പ്രമോഷൻ കൗൺസിലിന്റെ സ്ഥാപനം, സ്വകാര്യ ബാങ്കിന്റെ എ. ടി. എം. ശാഖ എന്നിവ പ്രവർത്തിക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങൾക്ക് മെഡിക്കൽ കോളേജ് കാമ്പസ്സിൽ സ്ഥലം നൽകുന്നതിന് എന്തെങ്കിലും ചട്ടങ്ങളോ വ്യവസ്ഥകളോ നിലവിലുണ്ടോ എന്ന് വ്യക്ത മാക്കാമോ;

(സി) ഈ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിച്ചത് ഏത് മാനദണ്ഡപ്രകാര മാണ്; ചട്ടങ്ങൾ പാലിച്ചാണോ ഈ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ സ്ഥാപനങ്ങളിൽ നിന്നും മെഡിക്കൽ കോളേജിന് പ്രതിമാസം കിട്ടുന്ന വരുമാനം എത്ര;

(ഇ) പ്രസ്തുത സ്ഥാപനങ്ങളും സർക്കാരും തമ്മിൽ ഏതെങ്കിലും തരത്തി ലുള്ള കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(എഫ്) എം. സി. എച്ച്. കാമ്പസ്സിൽ ബാങ്ക് എ. ടി. എം. ശാഖയ്ക്ക് അനുമതി നൽകിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ; ഉത്തര വിന്റെ കോപ്പി ലഭ്യമാക്കാമോ;

(ജി) ബാങ്ക് എ. ടി. എം. ശാഖയുടെ വാടകയായി പ്രതിമാസം എന്ത് തുക സർക്കാരിനോ മെഡിക്കൽ കോളേജിനോ ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(എച്ച്) ഏതെല്ലാം ബാങ്കുകൾ എ. ടി. എം. ശാഖ മെഡിക്കൽ കോളേജ് കാമ്പസ്സിൽ നടത്തുന്നതിന് അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്; ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly